ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തിരുർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം നിർമ്മിക്കുന്നതിന് 2013-14, 2014-15 വർഷത്തെ ബഡ്ജറ്റുകളിൽ—തുക ഉൾക്കൊള്ളിച്ചിട്ടില്ല. അതിനാൽ 8-8-14-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 6-11-2014-ലാണ് അവരുടെ ശിപാർശ ലഭ്യമാക്കിയത്. അതിനുമുൻപെ എസ്.ഡി.ജി. ശുപാർശകൾ അംഗീകരിക്കപ്പെട്ട പോയി. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. അടുത്ത സാമ്പത്തിക വർഷം ഇത് പരിഗണിക്കാം.

(13) തേയില തോട്ടങ്ങളിലെ പ്രതിസന്ധി

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട്ടിലെ തേയില തോട്ടവും നമ്മുടെ സംസ്ഥാനത്തെ തേയില തോട്ടവുമാകെ കടുത്ത പ്രതിസന്ധിയിലാണ്. പീരുമേട് നിയോജക മണ്ഡലത്തിലെ കോട്ടമല, ബോണാമി എന്നീ രണ്ട് തേയില തോട്ടങ്ങൾ നിലവിൽ തോട്ടമുടമ ഉപേക്ഷിച്ച പോയിട്ടുണ്ട്. തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങൾ തന്നെ കടുത്ത പ്രതിസന്ധിയിലാണ്. ശമ്പളപരിഷ്കരണ നടപടി ഇതുവരെ ആരംഭിച്ചിട്ടില്ല. ശമ്പള പരിഷ്കരണ ചർച്ചകളാരംഭിച്ചാൽ തോട്ടം വീണ്ടും പൂട്ടിപ്പോകുന്ന സാഹചര്യമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് വലിയ പ്രശ്നമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്റ്റേറ്റാണ്. അവിടെ സീനിയർ-ഏജ്മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തോട്ടം നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിളിച്ചുചേർത്ത യോഗത്തിൽ വളരെ ഗൗരവതരമായി ഉന്നയിച്ച ഒരു പ്രശ്നമാണ്. എന്നാൽ ആ പ്രശ്നത്തിന് ഇതുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ടാറ്റ അടക്കമുള്ള തേയിലത്തോട്ടങ്ങൾ കടുത്ത പ്രതിസന്ധിയിൽ നിൽക്കുന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് പ്ലാന്റേഷൻ ടാക്സ്, ബേസിക് ടാക്സ്, ബിൽഡിംഗ് ടാക്സ്, ഇലക്ട്രിസിറ്റി ചാർജ് ഇവയൊക്കെ വർദ്ധിപ്പിച്ചത്. ഇതൊക്കെ തോട്ടം മേഖലകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൻമാർ തന്നെ മുൻകൈയെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്ത്, മുഖ്യമന്ത്രി യോഗം വിളിച്ചിട്ടും പരിഹാരത്തിലേക്ക് എത്താൻ കഴിഞ്ഞില്ല. പീരുമേട്ടിലെ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണമടക്കമുള്ള വിഷയങ്ങളിലും എച്ച്.എം.എൽ. പ്ലാന്റേഷൻ അവരുടെ സീനിയർ-ഏജ്മായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും അടിയന്തരമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. തോട്ടം മേഖല വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. 2000-മാണ്ടിന്റെ തുടക്കത്തിൽ ലുണ്ടായിരുന്നതിന് സമാനമായ സാഹചര്യത്തിലേക്ക് ചെന്നെത്തുമോയെന്ന് എല്ലാവർക്കും ആശങ്കയുണ്ട്. അതുകൊണ്ടാണ് ഈ മേഖലയിലെ വിഷയം ചർച്ച ചെയ്യാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ട് കഴിഞ്ഞയാഴ്ച യോഗം വിളിച്ചത്. ഇതുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ട്രേഡ് യൂണിയൻ നേതാക്കന്മാരുമായും ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടത് ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നതിനെക്കുറിച്ചാണ്. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ റിലീഫ് അവിടേയ്ക്കുകൂടി എക്സ്റ്റന്റ് ചെയ്യാനുള്ള തീരുമാനം കമ്മീഷണറേറ്റിൽ നിന്നും എടുത്തു കഴിഞ്ഞിട്ടുണ്ട്. പക്ഷെ, മാനേജ്മെന്റുകൾ നിഷേധാത്മകമായ നിലപാടാണ് കൈക്കൊള്ളുന്നത്. ഇക്കാര്യം റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ആ തോട്ടം ഏറ്റെടുക്കുന്നതിന്റെ സാധ്യതകളും അതുമായി ബന്ധപ്പെട്ട പ്രക്രിയകളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. എച്ച്.എം.എൽ. പ്ലാന്റേഷൻ തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നവും കഴിഞ്ഞ പ്ലാന്റേഷൻ, ലേബർ കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ടതാണ്. അതും റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. എച്ച്.എം.എൽ.-ന്റെ വിഷയം ആയിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന വിഷയമാണെന്നറിയാം. അതിനും പരിഹാരം കാണാൻ ഗവൺമെന്റ് പരിശ്രമിക്കുന്നതായിരിക്കും. പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം ഈ രണ്ട് എസ്റ്റേറ്റുകളിലും കൊടുക്കാനുള്ള തീരുമാനം കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എച്ച്.എം.എൽ.-മായുള്ള വിവിധ കേസുകൾ ഹൈക്കോടതിയിൽ നടക്കുകയാണ്. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് പല കാര്യങ്ങളും ചെയ്തിട്ടുള്ളത്. ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായാണ് എച്ച്.എം.എൽ-ന്റെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചത്. അതോടൊപ്പംതന്നെ ഇപ്പോൾ ആ ഭൂമിയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എച്ച്.എം.എൽ. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും, സ്പെഷ്യൽ ഓഫീസർ എടുത്ത തീരുമാനം ശരിയാണെന്ന് കണ്ടെത്തി ഗവൺമെന്റിന് അനുകൂലമായ തീരുമാനമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി എടുത്തിട്ടുള്ളത്. കോടതിയിൽ നിൽക്കുന്ന കേസെന്ന നിലയിൽ ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly